## എൻ ആർ ഐ ന്യൂസ് ബുള്ളറ്റിൻ ജൂലായ് 2021 ബുള്ളറ്റിൻ: 07-2021

**<u>എഫ് സി എൻ ആർ (ബി)/എൻ ആർ ഇ സാവധി നിക്ഷേപങ്ങൾക്കുള്ള ഫോർവഡ് കോൺട്രാക്ട്</u>**

**നിർവചനം :**

ഫോർവഡ് കോൺട്രാക്ട് എന്നത് ഭാവിയിലെ ഒരു നിശ്ചിത തീയ്യതിക്ക് ഒരു നിശ്ചിത മൂല്യത്തിൽ വിദേശ കറൻസി (അനുവദനീയമായ കറൻസി) വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നതിനുള്ള ഒരു കരാറാണ്.

ഫോർവഡ് കോൺട്രാക്ട് ഓപ്ഷൻ സഹിതം എഫ്സിഎൻആർ (ബി)/എൻ ആർ ഇ നിക്ഷേപങ്ങളുള്ള പ്രവാസി ഇടപാടുകാർക്ക് കുറഞ്ഞ നഷ്ടസാദ്ധ്യതയോടൊപ്പം മെച്ചപ്പെട്ട ആദായം നേടാനുള്ള ഈ അവസരം മുതലെടുക്കാവുന്നതാണ്.

**അർഹത:**

1. എഫ്സിഎൻആർ (ബി)/എൻ ആർ ഇ നിക്ഷേപങ്ങളുള്ളവരോ നിക്ഷേപങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നവരോ ആയ ഇടപാടുകാർ
2. ഇടപാടുകാർ റീട്ടെയിൽ ഉപയോക്താവോ നോൺ- റീട്ടെയിൽ ഉപയോക്താവോ ആവാം.

**ഫണ്ട്:**

ഫെമ 1999 അഥവാ അതിന്റെ കീഴിലുള്ള ഏതെങ്കിലും നിയമമോ ചട്ടമോ പ്രകാരം അനുവദനീയമായ കറന്റ് അഥവാ ക്യാപ്പിറ്റൽ അക്കൗണ്ട് ഇടപാടുമായി ബന്ധപ്പെട്ട വിദേശ കറൻസി.

**ആനുകൂല്യങ്ങൾ:**

ഇന്ത്യൻ രൂപയിലുള്ള എഫ്സിഎൻആർ(ബി)/എൻആർഇ നിക്ഷേപങ്ങളിന്മേൽ കൂടുതൽ പ്രതിഫലവും ആദായവും നേടാനുള്ള ഫലപ്രദമായ മാർഗ്ഗം . എഫ്സിഎൻആറിനു വേണ്ടി ഫോർവഡ് കോൺട്രാക്ട് ബുക്ക് ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ :

- കൂടുതൽ ആദായത്തോടൊപ്പം ആകർഷകമായ പലിശ നിരക്ക്
- കാലാവധി പൂർണ്ണമാകുമ്പോൾ ആദായം വിദേശത്തേക്ക് കൊണ്ടുപോകാം
- വിനിമയ നിരക്കുകളുടെ ഏറ്റക്കുറച്ചിലുകളിൽ നിന്നും നിക്ഷേപങ്ങൾക്ക് സംരക്ഷണം
- നഷ്ടസാദ്ധ്യത കുറക്കാം/ഇല്ലാതാക്കാം
- പിഴത്തുക/ചാർജ്ജ് ഒടുക്കി ഫോർവഡ് കോൺട്രാക്ടിൽ നിന്ന് പിൻമാറാനുള്ള സൗകര്യം

**കാലാവധി പൂർത്തിയാക്കുമ്പോഴുള്ള തുക:**

കാലാവധി പൂർത്തിയായാൽ വിദേശ കറൻസിയിലുള്ള തുക ഇന്ത്യൻ രൂപയിൽ നൽകാവുന്നതാണ്.

**നിബന്ധനകൾ:**

1. കോൺട്രാക്ടിന്റെ മൂല്യവും കാലാവധിയും അതിന്റെ അടിസ്ഥാനമായിരിക്കുന്ന നിക്ഷേപത്തിന്റേയും ബാധകമായ പലിശയുടേയും മൂല്യത്തിലും കാലാവധിയിലും കൂടുതലായിരിക്കരുത്.
2. ഭാവിയിൽ നഷ്ടസാദ്ധ്യതയില്ലാതെ ആദായം എന്നതാണ് കോൺട്രാക്ടിന്റെ പ്രയോജനം. (ഹെഡ്ജിങ്ങ്)
3. ഇടപാടുകാരന്റെ അപേക്ഷയനുസരിച്ച് ഫോർവഡ് കോൺട്രാക്ട് പൂർണ്ണമായോ ഭാഗികമായോ റദ്ദാക്കാവുന്നതാണ്. റദ്ദാക്കുമ്പോഴുണ്ടാകുന്ന ലാഭമോ നഷ്ടമോ യഥാക്രമം ഇടപാടുകാരന് നൽകുന്നതോ ഇടപാടുകാരനിൽ നിന്ന് ഈടാക്കുന്നതോ ആണ്.
4. ബാങ്കിന്റെ റീട്ടെയിൽ അഥവാ നോൺ-റീട്ടെയിൽ ഇടപാടുകാർക്ക് ഫോർവഡ് കോൺട്രാക്ട് ബുക്ക് ചെയ്യാവുന്നതാണ്.
5. ഫോർവഡ് കോൺട്രാക്ട് ബുക്ക് ചെയ്യുന്ന സമയത്ത് ഇടപാടുകാരൻ എത്ര തുകയാണ് കോൺട്രാക്ട് ചെയ്യുന്നതെന്നോ ഉദ്ദേശിക്കുന്നതെന്നോ സ്പഷ്ടമായി സൂചിപ്പിച്ചിരിക്കണം.
6. എഫ്സിഎൻആർ/ആർഎഫ്സി നിക്ഷേപങ്ങളിലെ ബാലൻസിന്മേലുള്ള കോൺട്രാക്ടുകൾ ഡെലിവറബിൾ അടിസ്ഥാനത്തിലായിരിക്കും.
7. ഹെഡ്ജിങ്ങിന്റെ ചെലവ്, തിരികെ കൊണ്ടുപോകാനുദ്ദേശിക്കുന്ന തുകയിൽ നിന്നോ വിദേശത്ത് നിന്നയക്കുന്ന പണത്തിൽ നിന്നോ ഒടുക്കേണ്ടതാണ്.
8. ഹെഡ്ജുമായി ബന്ധപ്പെട്ട് ഒടുക്കേണ്ട എല്ലാ തുകകളും, ഏതെങ്കിലും നികുതികൾ അടയ്ക്കാനുണ്ടെങ്കിൽ അവയ്ക്ക് വിധേയമായിരിക്കും .
9. ബാലൻസ് മറ്റേതെങ്കിലും കറൻസിയിൽ മാറ്റണമെങ്കിൽ ക്രോസ് കറൻസി ഫോർവഡ് കോൺട്രാക്ട് ബുക്ക് ചെയ്യാവുന്നതാണ്.
10. ബുക്കിംഗ്/ക്യാൻസലേഷൻ/റോൾ ഓവർ എന്നിവയ്ക്ക് ബാധകമായ സർവീസ് ചാർജ്ജ് ഫീസും ബന്ധപ്പെട്ട ജി എസ് ടി തുകയും ഇടപാടുകാരൻ വഹിക്കേണ്ടതാണ്. ( നിലവിൽ 750/-+മറ്റുള്ളവ (ക്യാൻസലേഷൻ ഉണ്ടെങ്കിൽ) + ജി എസ് ടി.
11. ഒരു വ്യക്തിയ്ക്ക് 1.00 മില്യൺ യു എസ് ഡോളർ വരെയുള്ളതോ മറ്റു കറൻസികളിൽ തത്തുല്യമായതോ ആയ തുകയ്ക്ക് ഫോർവഡ് കോൺട്രാക്ട് ബുക്ക് ചെയ്യാവുന്നതാണ്.

12. ഒരു തവണ ബുക്ക് ചെയ്ത ശേഷം ക്യാൻസൽ ചെയ്ത അതേ നിക്ഷേപത്തുക വീണ്ടും ബുക്ക് ചെയ്യാൻ ഒരു പ്രവാസി ഇടപാടുകാരന് അനുവാദമില്ല. എന്നാൽ കാലാവധി പൂർത്തിയായാലോ അതിനു മുമ്പോ അത്തരം ഫോർവഡ് കോൺട്രാക്ട് റോൾ ഓവർ ചെയ്യാവുന്നതാണ്.
13. ഫോർവഡ് കോൺട്രാക്ട്സംബന്ധിച്ച് കാലാകാലങ്ങളിൽ ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനെ അടിസ്ഥാനമാക്കിയായിരിക്കും ഈ സൗകര്യം ലഭ്യമാക്കുക.

**07.07.2021 മുതൽ 1 മില്യൺ യു എസ് ഡോളറിനു താഴെയുള്ള തുകയുടെ (അല്ലെങ്കിൽ മറ്റ് കറൻസികളിൽ തത്തുല്യമായ തുക) എഫ് സി എൻ ആർ [ബി] നിക്ഷേപങ്ങളിന്മേൽ പലിശ നിരക്ക് താഴെപ്പറയുന്നു:**

(% പ്രതിവർഷം)

| നിക്ഷേപ കാലാവധി | നിക്ഷേപത്തിന്റെ കറൻസി | | | | |
|---|---|---|---|---|---|
| | യുഎസ്ഡി | ജിബിപി | യൂറോ | സിഎഡി | എയുഡി |
| 1 വർഷവും അതിനു മുകളിലും 2 വർഷത്തിൽ താഴെ | 0.85 | 0.57 | പൂജ്യം | 0.98 | 0.53 |
| 2 വർഷവും അതിനു മുകളിലും എന്നാൽ 3 വർഷത്തിൽ താഴെ | 0.99 | 0.77 | പൂജ്യം | 1.24 | 0.69 |
| 3 വർഷവും അതിനു മുകളിലും എന്നാൽ 4 വർഷത്തിൽ താഴെ | 1.22 | 0.91 | 0.02 | 1.49 | 0.90 |
| 4 വർഷവും അതിനു മുകളിലും എന്നാൽ 5 വർഷത്തിൽ താഴെ | 1.44 | 1.02 | 0.09 | 1.71 | 1.13 |
| 5 വർഷം മാത്രം | 1.60 | 1.10 | 0.16 | 1.86 | 1.34 |

**08.02.2021 മുതൽ എൻ ആർ ഇ സാവധി നിക്ഷേപങ്ങളുടെ പലിശ നിരക്ക് താഴെപ്പറയുന്നു:**

| നിക്ഷേപ കാലാവധി | പലിശനിരക്ക് | |
|---|---|---|
| | *2 കോടി രൂപയിൽ താഴെ* | *2 കോടി മുതൽ 10 കോടി രൂപയിൽ താഴെ വരെ* |
| ഒരുവർഷംമാത്രം | 5.20 | 3.90 |
| 1 വർഷത്തിനു മുകളിൽ 2 വർഷത്തിൽതാഴെ | 5.20 | 3.90 |
| 2 വർഷത്തിനു മുകളിൽ 3 വർഷത്തിൽതാഴെ | 5.40 | 3.90 |
| 3 വർഷത്തിനു മുകളിൽ 5 വർഷത്തിൽതാഴെ | 5.50 | 3.40 |
| 5 വർഷവും മുകളിലും10 വർഷത്തിൽതാഴെ | 5.50 | 3.40 |

**കനറാ ബാങ്ക് ഈമെയിൽ വഴി നിങ്ങളിൽ നിന്ന് യാതൊരു വിവരവും ആവശ്യപ്പെടുകയില്ല. അപ്രതീക്ഷിത കേന്ദ്രങ്ങളിൽ നിന്ന് വരുന്ന ഈമെയിൽ വഴി ലഭിക്കുന്ന യാതൊരു ലിങ്കിലും ക്ലിക്ക് ചെയ്യാതിരിക്കുക. അവയിൽ ദുഷ്ടലാക്കോടു കൂടിയ കോഡുകൾ കണ്ടേക്കാം, അല്ലെങ്കിൽ അവ നിങ്ങളുടെ സാമ്പത്തിക വിവരങ്ങൾ തട്ടിയെടുക്കാനുള്ള ശ്രമമാകാം. ഈമെയിൽ/ഫോൺ/മറ്റ് അറിയിപ്പുകൾ വഴി നിങ്ങളുടെ അക്കൌണ്ട് സംബന്ധിച്ച വിവരങ്ങൾ ഉറപ്പിക്കാൻ ബാങ്ക് ഒരിക്കലും നിങ്ങളോട് ആവശ്യപ്പെടുകയില്ല. അത്തരം സംഭവങ്ങൾ അത്തരം സംഭവങ്ങൾ ഉടൻ തന്നെ reportphishing@canarabank.com; cbgimb@canarabank.comഎന്ന വിലാസത്തിൽ റിപ്പോർട്ട് ചെയ്യുക.**

നിങ്ങളുടെ ബാങ്കിംഗ് അനുഭവങ്ങൾ ലളിതവും സുഖകരവുമാക്കാൻ കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ അടുത്ത ന്യൂസ് ബുള്ളറ്റിൻ കാണുക. നിങ്ങളുടെ വിലയേറിയ പ്രതികരണങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ എല്ലായ്പ്പോഴും സ്വാഗതം ചെയ്യുന്നു. (ഈമെയിൽ: nrihub@canarabank.com;nrihelpdesk@canarabank.com) ബന്ധപ്പെടാനുള്ള നമ്പർ - 080 22280811 / കോൾ കനറാ നമ്പർ 080-22064232.

ധനം നിക്ഷേപിക്കാനുള്ള വിവിധ സൌകര്യങ്ങൾ/ഇൻഷൂറൻസ്/മ്യൂച്ചൽ ഫണ്ട് പദ്ധതികൾ എന്നിവയ്ക്കായി താഴെപ്പറയുന്ന ലിങ്കുകൾ ഉപയോഗിക്കാവുന്നതാണ്.

**ലൈഫ് ഇൻഷൂറൻസ് :**

http://www.canarabank.com/english/bank-services/personal-banking/insurance-business/life-insurance/

**ഹെൽത്ത് ഇൻഷൂറൻസ് :**

http://www.canarabank.com/english/bank-services/personal-banking /insurance-business/health-insurance/

**ജനറൽ ഇൻഷൂറൻസ് :**

http://www.canarabank.com/english/bank-services/personal-banking/insurance-business/general-insurance/

**പ്രവാസി ഭാരതീയർക്കായുള്ള നിക്ഷേപ പദ്ധതികൾ :**

http://www.canarabank.com/english/bank-services/nri-banking/investment-facilities/

**മ്യൂച്ചൽ ഫണ്ട്:**

http://www.canarabank.com/english/bank-services/personal-banking/mutual-funds/

**ഡിപ്പോസിറ്ററി സേവനങ്ങൾ :**

http://www.canarabank.com/english/bank-services/personal-banking/depository-services/

canarabank   CanaraBankOfficial   canarabank   canarabankinsta